**മാസ്റ്റർ സർക്കുലർ**

## 1. ന്യൂനപക്ഷ സമുദായങ്ങൾക്കുള്ള വായ്പാ സൗകര്യങ്ങൾ

സർക്കാരിന്റെ വിവിധ പദ്ധതികളിൽ നിന്നുള്ള പ്രയോജനം ന്യായമായതും മതിയായതുമായ അളവിൽ ന്യൂനപക്ഷ ജനസമൂഹത്തിനു ലഭ്യമാക്കുന്നതിന് ശ്രദ്ധ വയ്ക്കേണ്ടതാണെന്ന് ഭാരത സർക്കാർ സൂചിപ്പിച്ചിട്ടുണ്ട്. അതനുസരിച്ച് ന്യൂനപക്ഷ സമുദായങ്ങൾക്ക് തടസ്സമില്ലാത്ത വായ്പാ പ്രവാഹം ഉറപ്പാക്കുവാൻ എല്ലാ വാണിജ്യ ബാങ്കുകളോടും നിർദ്ദേശിക്കുന്നു.

ന്യൂനപക്ഷ സമുദായങ്ങൾ ഭൂരിപക്ഷമുള്ള സംസ്ഥാനങ്ങൾ/ കേന്ദ്രഭരണ പ്രദേശങ്ങൾ ഒഴിച്ച് (J&K, പഞ്ചാബ്, മേഘാലയ, മിസോറം, നാഗാലാൻഡ്, ലക്ഷദ്വീപ്, എന്നിവ) ജനസംഖ്യയിൽ കുറഞ്ഞത് 25% എങ്കിലും ന്യൂനപക്ഷങ്ങൾ ഉള്ള 121 ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകളുടെ ഒരു പട്ടിക കേന്ദ്ര സർക്കാർ അയച്ചുകൊടുത്തിട്ടുണ്ട്. അതിൻപ്രകാരം **മുൻഗണനാ മേഖലക്കുള്ള ആകെ വായ്പാ വിതരണ ലക്ഷ്യത്തിനകത്തു് ന്യൂനപക്ഷ സമുദായങ്ങൾക്ക് ന്യായവും നീതിപൂർവ്വകവുമായ വിഹിതം കിട്ടുന്നു എന്ന് ഉറപ്പാക്കുവാനായി** ഈ 121 ജില്ലകളിലെയും ന്യൂനപക്ഷ വിഭാഗത്തിനു വിതരണം ചെയ്യുന്ന വായ്പകളുടെ ഒഴുക്ക് പ്രത്യേകം നിരീക്ഷിക്കണമെന്ന് എല്ലാ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളോടും അഭ്യർത്ഥിച്ചിട്ടുണ്ട്. (121 ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകളുടെ പട്ടിക അനുബന്ധം I ൽ)

മുൻഗണനാ മേഖലക്കുള്ള വായ്പാ വിതരണത്തെ കുറിച്ച് റിസർവ് ബാങ്കിന്റെ നിലവിലുള്ള മാർഗ്ഗരേഖകൾ പ്രകാരം അഡ്ജസ്റ്റഡ് നെറ്റ് ബാങ്ക് ക്രെഡിറ്റ്(ANBC) അല്ലെങ്കിൽ ഓഫ്-ബാലൻസ് ഷീറ്റ്- എക്സ് പോഷർ (OBE) ഇവയിൽ ഏതാണോ മുൻവർഷം മാർച്ച് 31 ന് കൂടുതൽ അതിന്റെ 40% ആണ് മുൻഗണനാ മേഖലക്കുള്ള വായ്പാ വിതരണത്തിന് രാജ്യത്തെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളും ഇരുപതോ കൂടുതലോ ശാഖകളുള്ള വിദേശ ബാങ്കുകളും നിർബന്ധമായും കൈവരിക്കേണ്ട ലക്ഷ്യം; സ്മാൾ ഫിനാൻസ് ബാങ്കുകൾക്ക് ഇത് അവരുടെ ANBC യുടെ 75% ആണ്. ഈ ലക്ഷ്യത്തിനകത്ത് ANBC അല്ലെങ്കിൽ OBE, ഇതിൽ ഏതാണോ മുൻവർഷം മാർച്ച് 31 ന് കൂടുതൽ അതിന്റെ 10% ആണ് ന്യൂനപക്ഷ സമുദായങ്ങൾ ഉൾപ്പെടെയുള്ള ദുർബല വിഭാഗത്തിന് വായ്പാ വിതരണത്തിനുള്ള നിർബന്ധലക്ഷ്യമായി തീരുമാനിച്ചിട്ടുള്ളത്.

## 2. ന്യൂനപക്ഷ സമുദായം - നിർവചനം

2.1 ഭാരത സർക്കാരിന്റെ ന്യൂനപക്ഷകാര്യ മന്ത്രാലയം താഴെപറയുന്ന സമുദായങ്ങളെ ന്യൂനപക്ഷമായി വിജ്ഞാപനം ചെയ്തിട്ടുണ്ട്:

(a) സിഖ്
(b) മുസ്ലിം
(c) ക്രിസ്ത്യൻ
(d) സോറസ്ട്രിയൻ
(e) ബുദ്ധിസ്റ്റ്
(f) ജൈനർ

2.2 ഒരു പങ്കാളിത്ത സ്ഥാപനത്തിന്റെ കാര്യത്തിൽ പങ്കാളികളിൽ ഭൂരിപക്ഷവും ഏതെങ്കിലും ന്യൂനപക്ഷ സമുദായ അംഗങ്ങൾ ആണെങ്കിൽ ആ സ്ഥാപനത്തിന് നൽകുന്ന വായ്പകൾ ന്യൂനപക്ഷ സമുദായങ്ങൾക്ക് നൽകിയ വായ്പകളായിത്തന്നെ പരിഗണിക്കപ്പെടും. കൂടാതെ ഒരു പങ്കാളിത്ത സ്ഥാപനത്തിലെ ഭൂരിപക്ഷ

ഗുണഭോക്തൃ ഉടമസ്ഥാവകാശം ഒരു ന്യൂന പക്ഷ സമുദായത്തിനാണെങ്കിൽ അതിനു അനുവദിച്ച വായ്പകൾ ഒരു പ്രത്യേക സമുദായത്തിന് വിതരണം നടത്തിയ വായ്പകളായി തരം തിരിക്കാം. ഒരു കമ്പനിക്കു നിയമപരമായി ഒരു പ്രത്യേക അസ്തിത്വം ഉള്ളതിനാൽ അതിനു നൽകിയ വായ്പകൾ പ്രത്യേക ന്യൂനപക്ഷ സമുദായങ്ങൾക്ക് വിതരണം ചെയ്ത വായ്പകളായി തരം തിരിക്കാനാകില്ല.

**3. പ്രത്യേക സെൽ രൂപീകരണവും അതിനുമാത്രമായി ഓഫീസറെ നാമനിർദ്ദേശം ചെയ്യലും.**

3.1 ന്യൂനപക്ഷ സമുദായങ്ങൾക്ക് തടസ്സമില്ലാതെ വായ്പാ ഒഴുക്ക് ഉറപ്പാക്കാനായി ഓരോ ബാങ്കിലും പ്രത്യേകം സെൽ രൂപീകരിക്കേണ്ടതും അതിന്റെ തലവനായി ഡെപ്യൂട്ടി ജനറൽ മാനേജർ/ അസ്സിസ്റ്റന്റ് ജനറൽ മാനേജർ അല്ലെങ്കിൽ തത്തുല്യ പദവിയിൽ കുറയാത്ത ഒരു ഓഫീസറെ നിയോഗിക്കേണ്ടതും ആ ഓഫീസർ ഒരു ഏകോപന ഓഫീസർ ആയി പ്രവർത്തിക്കേണ്ടതും ആണ്.

3.2 ന്യൂനപക്ഷ കേന്ദ്രീകരണമുള്ള ഓരോ ജില്ലയിലെയും ലീഡ് ബാങ്കിൽ പൂർണമായും ന്യൂനപക്ഷ വായ്പാ ഒഴുക്കിനെ സംബന്ധിച്ച പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഒരു ഓഫീസർ ഉണ്ടാകേണ്ടതാണ്. ന്യൂനപക്ഷ സമുദായങ്ങൾക്കിടയിൽ വിവിധ ബാങ്ക് വായ്പാ പദ്ധതികളെ കുറിച്ച് പ്രചാരം നൽകേണ്ടതും അവർക്കായി ശാഖാ മനേജർമാരുമായി ചേർന്ന് യോജിച്ച പദ്ധതികൾ തയ്യാറാക്കേണ്ടതും ഈ ഓഫീസറുടെ ഉത്തരവാദിത്വമാണ്.

3.3 നിയുക്ത ഓഫീസർ പൂർണമായും ജില്ലയിലെ ന്യൂനപക്ഷ സമുദായങ്ങൾക്കുള്ള വായ്പാ പദ്ധതികളെപ്പറ്റിയുള്ള കാര്യങ്ങൾ മാത്രം നോക്കി നടത്തുന്ന ആളായിരിക്കണം. ജില്ലയിലെ ലീഡ് ബാങ്കുമായി നിയുക്ത ഓഫീസർ ബന്ധം സ്ഥാപിക്കേണ്ടതുമാണ്. അതുവഴി അനുഭവപരിചയം വേണ്ടുവോളമുള്ള ലീഡ് ബാങ്ക് ഓഫീസറുടെ മാർഗ്ഗദർശനം ലഭിക്കുന്നതിനും മറ്റു ധനകാര്യ സ്ഥാപനങ്ങളുമായും സർക്കാർ ഏജൻസികളുമായും മറ്റു ബാങ്കുകളിലെ ശാഖാ മാനേജർമാരുമായും അടുത്ത് പ്രവർത്തിക്കുന്നതിനും നിയുക്ത ഓഫീസർക്ക് സാധ്യമാകുന്നു. അദ്ദേഹം ന്യൂനപക്ഷ സമുദായങ്ങൾക്ക് അനുയോജ്യമായ പദ്ധതികൾക്ക് രൂപം കൊടുക്കുന്നതിനായി അവരുടെ ഗ്രൂപ്പ് മീറ്റിങ്ങുകൾ ഏർപ്പാടാക്കുകയും ചെയ്യണം. നിയുക്ത ഓഫീസർക്ക് ഏല്പിച്ചുകൊടുത്ത ഉത്തരവാദിത്വം ഫലപ്രദമായി നിർവഹിക്കുന്നു എന്ന് അതാതു ബാങ്കുകൾ ഉറപ്പു വരുത്തണം.

3.4 ന്യൂനപക്ഷ സമുദായങ്ങൾക്കു വേണ്ടിയുള്ള വായ്പാ ഒഴുക്ക് സുഗമമാക്കുന്നതിന് എടുത്ത നടപടികളും ഒപ്പം അക്കാര്യത്തിലുള്ള പുരോഗതിയും ജില്ലാ കൂടിയാലോചന സമിതിയുടെയും (DCC) സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെയും മീറ്റിങ്ങുകളിൽ പതിവായി പുനരവലോകനം ചെയ്യപ്പെടുന്നു എന്ന് DCC/ SLBC കൺവീനർ ബാങ്കുകൾ ഉറപ്പു വരുത്തണം.

3.5 DLRC/ SLRM/ SLBC കളുടെ കൺവീനർ ബാങ്കുകൾക്ക് സംസ്ഥാന ന്യൂനപക്ഷ കമ്മീഷനുകൾ/ ബോർഡുകൾ അല്ലെങ്കിൽ സംസ്ഥാന ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷനുകൾ എന്നിവരുടെ ചെയർമാൻ, മാനേജിങ് ഡയറക്ടർ അല്ലെങ്കിൽ അവരുടെ പ്രതിനിധികൾ എന്നിവരെ DLRC/ SLRM/ SLBC മീറ്റിംഗുകളിൽ പങ്കെടുക്കാൻ ക്ഷണിക്കാവുന്നതാണ്.

3.6 (i) കേന്ദ്ര ഓഫീസിലെ പ്രത്യേക സെല്ലിന്റെ ചാർജ് വഹിക്കുന്ന ഓഫീസർ, (ii) തിരിച്ചറിഞ്ഞ ജില്ലകളിൽ ലീഡ് ബാങ്കുകൾ നിയമിച്ച ഓഫീസർമാർ എന്നിവരുടെ പേരുകൾ, പദവി, ഓഫീസ് വിലാസം എന്നിവ ബാങ്കുകൾ ദേശീയ ന്യൂനപക്ഷ കമ്മീഷന് താഴെപറയുന്ന വിലാസത്തിൽ അയച്ചു കൊടുക്കേണ്ടതും കാലികമായി നാളതീകരിക്കേണ്ടതുമാണ്:

സെക്രട്ടറി
ദേശീയ ന്യൂനപക്ഷ കമ്മീഷൻ
ഭാരത സർക്കാർ
5 -)ം നില, ലോകനായക് ഭവൻ
ഖാൻ മാർക്കറ്റ്, ന്യൂ ഡൽഹി-110003

മേൽ വിവരങ്ങളുടെ പകർപ്പ് ഫിനാൻഷ്യൽ ഇൻക്ലൂഷൻ ആൻഡ് ഡെവലപ്മെന്റ് ഡിപ്പാർട്ട് മെന്റ്, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, സെൻട്രൽ ഓഫീസ്, മുംബൈ എന്നിവർക്കും അയച്ചുകൊടുക്കണം.

3.7 ന്യൂനപക്ഷ സമുദായങ്ങളുടെ കേന്ദ്രീകരണം ഉള്ളതായി തിരിച്ചറിഞ്ഞ ജില്ലകളിലെ ലീഡ് ബാങ്കുകൾ സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ/ ധനകാര്യ കോർപറേഷൻ എന്നിവയെ ബോധവത്കരണം, ഗുണഭോക്താക്കളെ തിരിച്ചറിയൽ, വിജയകരമാകുന്ന പദ്ധതികൾ തയ്യാറാക്കൽ, ഇൻപുട് ഡിസ്ട്രിബ്യൂഷൻ/ വിപണി കണ്ടെത്തൽ, കടം പിരിക്കൽ മുതലായ വികസനപ്രവർത്തനങ്ങളിൽ ഉൾപെടുത്തേണ്ടതാണ്.

3.8 സ്വയംസഹായ സംഘങ്ങൾ വഴി ദരിദ്രരിലേക്ക് എത്തുന്നതിനായി തിരിച്ചറിഞ്ഞ ജില്ലകളിലെ ലീഡ് ബാങ്കുകൾ നബാർഡ് DDMs, NGOകൾ, സന്നദ്ധ സംഘടനകൾ എന്നിവരുമായി സഹകരിച്ചു സ്വയം സഹായ സംഘങ്ങൾ വഴി ദരിദ്രരിലേക്കു എത്തുന്നതിനു വേണ്ടി പ്രവർത്തിക്കേണ്ടതാണ്. ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകളിലെ ലീഡ് ബാങ്കുകൾ സ്വയം മുന്നോട്ടുവന്ന് അവരുടെ പങ്ക് നിർവഹിക്കുന്നതിൽ കൂടി ന്യൂനപക്ഷ സമുദായങ്ങൾക്ക്, പ്രത്യേകിച്ച് ദരിദ്രരും നിരക്ഷരരും ആയവർക്ക് ഉല്പാദന പ്രവർത്തനങ്ങൾക്ക് ബാങ്ക് വായ്പ പ്രാപ്യമാണെന്നു ഉറപ്പു വരുത്തേണ്ടതാണ്.

**4. DRI പദ്ധതിക്ക് കീഴിലെ വായ്പകൾ**

DRI പദ്ധതിക്ക് കീഴിൽ വിതരണം ചെയ്യുന്ന വായ്പകൾ, ബാങ്കുകൾ സംസ്ഥാന ന്യൂനപക്ഷ ധനകാര്യ/ വികസന കോർപറേഷൻ വഴി നൽകേണ്ടതാണ്. പട്ടികജാതി/ പട്ടിക വർഗ്ഗ കോർപറേഷൻ വഴി വിതരണം ചെയ്യുന്ന വായ്പകളുടെ നിബന്ധനകളും വ്യവസ്ഥകളുമായിരിക്കും ഈ വായ്പകൾക്കും ബാധകമാകുക. കൂടാതെ കോർപറേഷൻ ഗുണഭോക്താക്കൾ പദ്ധതിക്ക് കീഴിൽ നിർദ്ദേശിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങളും നിബന്ധനകളും വ്യവസ്ഥകളും പാലിക്കുന്നവരും ആയിരിക്കണം. വായ്പാ അപേക്ഷകൾ യഥാസമയം അനുവദിക്കുന്നതിനും തുക നൽകുന്നതിനും സഹായകമാകുന്നതിനായി രജിസ്റ്ററിന്റെ ശരിയായ പരിപാലനം ബാങ്കുകൾ ഉറപ്പു വരുത്തേണ്ടതാണ്.

**5. നിരീക്ഷണം**

5.1 നിർദ്ദിഷ്ട ന്യൂനപക്ഷ സമുദായങ്ങൾക്ക് വായ്പ നൽകുന്ന കാര്യത്തിൽ ഉള്ള ബാങ്കുകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനായി ന്യൂനപക്ഷ സമുദായ അംഗങ്ങൾക്ക് നൽകിയ ധനസഹായ വിവരങ്ങൾ ഓരോ വർഷവും അർദ്ധവാർഷിക അടിസ്ഥാനത്തിൽ മാർച്ച്/ സെപ്റ്റംബർ മാസാവസാനം റിസർവ് ബാങ്കിനും ഭാരത സർക്കാരിന്റെ ധനകാര്യ മന്ത്രാലയത്തിനും ന്യൂനപക്ഷ കാര്യ മന്ത്രാലയത്തിനും അയച്ചു കൊടുത്തിരിക്കണം. ഈ സ്റ്റേറ്റ് മെന്റുകൾ (അനുബന്ധം II) ഓരോ അർദ്ധവർഷവും കഴിഞ്ഞ് ഒരു മാസത്തിനകം റിസർവ് ബാങ്കിന് ലഭിച്ചിരിക്കണം.

5.2 തിരിച്ചറിഞ്ഞ ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകളിലെ ജില്ലാ കൂടിയാലോചനാ സമിതികളുടെ കൺവീനർ ബാങ്കുകൾ നിർദ്ദിഷ്ട ന്യൂനപക്ഷ സമുദായങ്ങൾക്ക് ബാങ്കുകൾ അവരുടെ ലീഡ് ഉത്തരവാദിത്വത്തിലുള്ള ജില്ലയിൽ അനുവദിച്ച

മുൻഗണനാ മേഖലയിലെ വായ്പകൾ സംബന്ധിച്ച വിവരങ്ങൾ നിശ്ചിത രൂപത്തിൽ (അനുബന്ധം III) ത്രൈമാസികാടിസ്ഥാനത്തിൽ ഒന്നിച്ചുചേർത്ത് ബന്ധപ്പെട്ട റിസർവ് ബാങ്ക് റീജിയണൽ ഓഫീസിലേക്ക് ഒരു മാസത്തിനകം അയച്ചു കൊടുക്കണം.

5.3 സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റികൾ, ജില്ലാ കൂടിയാലോചന സമിതികൾ എന്നിവർ അവരുടെ മീറ്റിങ്ങുകളിൽ പതിവായി ന്യൂനപക്ഷ സമുദായങ്ങളിലേക്കുള്ള വായ്പാ പ്രവാഹത്തിന്റെ പുരോഗതി അവലോകനം ചെയ്യണം.

5.4 ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകളിലെ ലീഡ് ബാങ്കുകൾ DCC മീറ്റിംഗുകളുടെയും അതാതു SLBC മീറ്റിംഗുകളുടെയും അജണ്ട നോട്ടിന്റെ/ മിനുട്ടിന്റെ പ്രസക്ത ഭാഗങ്ങൾ ത്രൈമാസിക അടിസ്ഥാനത്തിൽ ധനമന്ത്രാലയത്തിനും ന്യൂനപക്ഷ കാര്യ മന്ത്രാലയത്തിനും അയച്ചു കൊടുക്കണം.

**6. പരിശീലനം**

6.1 ബാങ്ക് ജീവനക്കാർക്കും ഓഫീസർമാർക്കും ന്യൂനപക്ഷങ്ങൾക്കു വേണ്ടിയുള്ള വിവിധ ക്ഷേമപരിപാടികളെ കുറിച്ച് ശരിയായ കാഴ്ചപ്പാടും ധാരണയും ഉറപ്പാക്കാൻ അവർക്ക് ഈ വിഷയത്തിൽ വർത്തമാനകാല സ്ഥിതിയെക്കുറിച്ചുള്ള അറിവ് ആവശ്യമാണ്. ഇതിലേക്കായി ആഗമനബോധനക്രമം, ഗ്രാമീണ വായ്പാ വിതരണത്തെ കുറിച്ചുള്ള പരിപാടികൾ, മുൻഗണനാ മേഖലക്ക് വായ്പ നൽകൽ, ദാരിദ്ര്യ നിർമാർജന പരിപാടികൾ, എന്നീ പ്രസക്ത പരിശീലന പരിപാടികളുടെ ഭാഗമായി ഉചിതമായ ലെക്ച്ചർ സെഷനുകൾ കൂടി ഉൾപ്പെടുത്തിയിരിക്കണം.

6.2 തിരിച്ചറിഞ്ഞിട്ടുള്ള ജില്ലകളിലെ ലീഡ് ബാങ്കുകൾ അവിടെ നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്ക് ന്യൂനപക്ഷ സമുദായങ്ങളെ വിവിധ വായ്പാ പദ്ധതികൾക്ക് കീഴിൽ സഹായിക്കുന്നതിന് ആവശ്യമായ അവബോധവും പ്രചോദനവും ശരിയായ പരിശീലനത്തിലൂടെ നൽകേണ്ടതാണ്.

6.3 സ്വയം സഹായ സംഘങ്ങൾക്ക് വേണ്ടിയുള്ള സൂക്ഷ്മ വായ്പ/ കടം കൊടുക്കലിനെ സംബന്ധിച്ച് ബാങ്ക് ഉദ്യോഗസ്ഥരിൽ അവബോധം സൃഷ്ടിക്കാനായി നബാർഡ് DDMമാരുടെ സഹായത്തോടെ ലീഡ് ബാങ്കുകൾക്ക് ശില്പശാലകൾ സംഘടിപ്പിക്കാവുന്നതാണ്.

6.4 ബാങ്കുകൾ ധനസഹായം ചെയ്യുന്ന വിവിധ പദ്ധതികളുടെ പ്രയോജനം തിരിച്ചറിഞ്ഞ ജില്ലകളിലെ ന്യൂനപക്ഷ സമുദായ അംഗങ്ങൾക്ക് ലഭിക്കുന്നതിന് വേണ്ടി ഈ ജില്ലകളിൽ പ്രവർത്തിക്കുന്ന ലീഡ് ബാങ്കുകൾ സംരംഭക വികസന പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കേണ്ടതാണ്. ഈ ജില്ലകളിലെ വലിയ വിഭാഗം ആളുകളുടെ മുഖ്യ തൊഴിൽ, അവർ ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ തരം എന്നിവ അടിസ്ഥാനമാക്കി സംസ്ഥാന സർക്കാർ, വ്യവസായ വകുപ്പ്, ജില്ലാ വ്യവസായ കേന്ദ്രം, SIDBI, സംസ്ഥാന സാങ്കേതിക ഉപദേശക സ്ഥാപനം, ഖാദി/ വില്ലേജ് വ്യവസായ കമ്മീഷൻ, ഉദ്ദേശിക്കുന്ന തരത്തിലുള്ള പരിശീലനവും ബോധനവും നൽകുവാൻ സജ്ജമായ മറ്റു സന്നദ്ധ സംഘടനകൾ എന്നിവരുമായി സഹകരിച്ച് അനുയോജ്യമായ പരിപാടികൾ നടത്തേണ്ടതാണ്. പരിപാടിയുടെ കാലദൈർഘ്യം, പഠന ക്രമത്തിന്റെ ഉള്ളടക്കം, തെരഞ്ഞെടുക്കേണ്ട പ്രത്യേക അധ്യയന വിഭാഗം തുടങ്ങിയ കാര്യങ്ങൾ, ഇപ്പോഴത്തെ സാഹചര്യങ്ങൾ, ആവശ്യകത, നിലവിലുള്ള വൈദഗ്ദ്ധ്യങ്ങൾ, ഒപ്പം ജില്ലയിലെ ജനങ്ങളുടെ ക്ഷമത എന്നിവ കണക്കിലെടുത്ത് ഓരോ ലീഡ് ബാങ്കുമാണ് തീരുമാനിക്കേണ്ടത്.

**7 പരസ്യം**

7.1 ന്യൂനപക്ഷ സമുദായങ്ങളുടെ കേന്ദ്രീകരണം ഉള്ള പ്രദേശങ്ങളിൽ, പ്രത്യേകിച്ച് അനുബന്ധം I ലെ പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ജില്ലകളിൽ സർക്കാരിന്റെ

ദാരിദ്ര്യത്തിനെതിരെയുള്ള പരിപാടികളെ കുറിച്ച് നല്ല വിധത്തിൽ ഉള്ള പരസ്യങ്ങൾ വേണ്ടതാണ്.

7.2 തിരിച്ചറിഞ്ഞ ജില്ലകളിലെ ലീഡ് ബാങ്കുകൾ, ബാങ്കുകളിൽ നിന്നും ലഭ്യമാകുന്ന വായ്പാ സൗകര്യങ്ങളെക്കുറിച്ച് (i) അച്ചടി മാധ്യമം, അതായത് പ്രാദേശിക ഭാഷയിലുള്ള ലഘുലേഖ വിതരണം, വർത്തമാന പത്രങ്ങളിലെ പരസ്യം/ ലേഖനങ്ങൾ മുതലായവ. (ii) ടെലിവിഷൻ ചാനലുകൾ - DD, തദ്ദേശ ചാനലുകൾ (iii) ഈ സമുദായങ്ങളുടെ മത ചടങ്ങുകളുടെയും ഉത്സവങ്ങളുടെയും അവസരങ്ങളിൽ മേളകളിലും ഫെയറുകളിലും പങ്കെടുക്കൽ, സ്റ്റാളുകൾ സജ്ജീകരിക്കൽ എന്നിവ ഉൾപ്പെടെയുള്ള മാർഗ്ഗങ്ങളിൽ കൂടി ആ ജില്ലകളിലെ ന്യൂനപക്ഷ സമുദായങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കേണ്ടതാണ്.

**8. ദേശീയ ന്യൂനപക്ഷ വികസന / ധനകാര്യ കോർപറേഷൻ (NMDFC)**

8.1 ദേശീയ ന്യൂനപക്ഷ വികസന/ ധനകാര്യ കോർപറേഷൻ ന്യൂനപക്ഷ സമുദായങ്ങൾക്കിടയിലെ പിന്നോക്ക വിഭാഗങ്ങൾക്ക് വേണ്ടിയുള്ള സാമ്പത്തിക വികസന പ്രവർത്തനങ്ങളെ ഊർജ്ജിതപ്പെടുത്താനായി 1994 സെപ്റ്റംബറിൽ സ്ഥാപിക്കപെട്ടതാണ്. NMDFC ഒരു ശീർഷസ്ഥാപനം ആയി പ്രവർത്തിച്ച് അതാതു സംസ്ഥാന/ കേന്ദ്ര ഭരണ പ്രദേശ സർക്കാരുകളുടെ സംസ്ഥാന ന്യൂനപക്ഷ ധനകാര്യ കോർപറേഷൻ വഴി അതിന്റെ ഫണ്ടുകൾ ഗുണഭോക്താക്കളിലേയ്ക്ക് എത്തിക്കുന്നു.

8.2 NMDFC മറ്റു പ്രവർത്തനങ്ങൾക്കൊപ്പം മാർജിൻ മണി പദ്ധതിയിലും പ്രവർത്തിക്കുന്നുണ്ട്. ബാങ്കിന്റെ സാമ്പത്തിക സഹായം ഈ പദ്ധതിയിൽ പ്രോജക്ട് ചിലവിന്റെ 60% ആണ്. ബാക്കിതുക NMDFC, സംസ്ഥാന ഏജൻസി, ഗുണഭോക്താവ് എന്നിവർ 25%, 10%, 5%, എന്ന അനുപാതത്തിൽ നിക്ഷേപിക്കുന്നു. NMDFC ആവിഷ്കരിച്ച .മാർജിൻ മണി പദ്ധതി ബാങ്കുകൾക്ക് നടപ്പിലാക്കാവുന്നതാണ്. ധനസഹായം നൽകുന്നതിന് മുൻപ് റിസർവ് ബാങ്ക് മുൻഗണനാ വായ്പകൾ എന്ന വിഷയത്തിൽ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങളും മാർഗരേഖകളും ബാങ്കുകൾ ശ്രദ്ധിക്കേണ്ടതാണ്. വായ്പാതുക ഉപയോഗിച്ച് ആർജ്ജിച്ച ആസ്തികൾ ബാങ്കുകൾക്ക് മോർട്ടഗേജ് ചെയ്തിരിക്കേണ്ടതാണ്. ബാങ്കുകൾ റിക്കവറി നടപടികൾ തുടങ്ങുമ്പോൾ, ബാങ്കിന് കിട്ടാനുള്ള തുക ആദ്യം മാറ്റിവയ്ക്കുന്നതായിരിക്കും അഭികാമ്യം.

**9. ന്യൂനപക്ഷ സമുദായങ്ങളുടെ ക്ഷേമത്തെക്കുറിച്ച് പ്രധാനമന്ത്രിയുടെ 15 ഇന കർമ്മ പരിപാടി**

ന്യൂനപക്ഷ സമുദായങ്ങളുടെ ക്ഷേമത്തിനു വേണ്ടിയുള്ള പ്രധാനമന്ത്രിയുടെ പുതിയ 15 ഇന കർമ്മ പരിപാടി ഭാരത സർക്കാർ പരിഷ്കരിച്ചിരിക്കുന്നു. മുൻഗണനാ വായ്പകളുടെ ഉചിതമായ ശതമാനം ന്യൂനപക്ഷ സമുദായങ്ങൾക്ക് വേണ്ടി മാറ്റിവയ്ക്കുകയും സർക്കാർ നടപ്പാക്കുന്ന വിവിധങ്ങളായ പരിപാടികളുടെ യഥാർത്ഥ ഗുണം ന്യൂന പക്ഷങ്ങൾ ഉൾപ്പെടെയുള്ള സമൂഹത്തിലെ അടിസ്ഥാന വർഗത്തിലേക്കു എത്തിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാനപ്പെട്ട ലക്ഷ്യം. ന്യൂന പക്ഷങ്ങൾ തിങ്ങിപ്പാർക്കുന്ന ജില്ലകളിൽ വികസന പരിപാടികൾ ബന്ധപ്പെട്ട കേന്ദ്ര മന്ത്രാലയങ്ങൾ/ ഡിപ്പാർട്ട് മെൻറ്റുകൾ, അതാതു സംസ്ഥാന/ കേന്ദ്ര ഭരണ പ്രദേശ സർക്കാരുകൾ വഴി നടപ്പിലാക്കുന്നതാണ്.

അതിനാൽ മുൻഗണനാ വായ്പകൾക്കുള്ള ആകമാനമായ ലക്ഷ്യത്തിനകത്തു ദുർബല വിഭാഗങ്ങൾക്കുള്ള 10 ശതമാനത്തിൽ ഉചിതമായ പങ്ക് ന്യൂന പക്ഷങ്ങൾക്കും ലഭിക്കുന്നു എന്ന്, എല്ലാ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളും ഉറപ്പാക്കേണ്ടതാണ്. ജില്ലാ തല വായ്പാ പദ്ധതി തയ്യാറാക്കുമ്പോൾ ഇക്കാര്യം കൂടി കണക്കിലെടുക്കണമെന്നു ലീഡ് ബാങ്കുകളെ അറിയിക്കുന്നു.

..................................................

**അനുബന്ധം I**

**121 ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകളുടെ പട്ടിക**

(3.3, 5.3, 7.1 എന്നീ ഖണ്ഡികകൾ പ്രകാരം)

| ക്രമ നം. | സംസ്ഥാനം | ക്രമ നം. | ജില്ല |
|---|---|---|---|
| 1 | **ആൻഡമാൻ നിക്കോബാർ(2)** | 1 | **ആൻഡമാൻ** |
| | | 2 | **നിക്കോബാർ** |
| 2 | **അരുണാചൽ പ്രദേശ്(7)** | 1 | തവാങ് |
| | | 2 | ചങ്ങലങ് |
| | | 3 | റ്റിറാപ് |
| | | 4 | വെസ്റ്റ് കമെങ് |
| | | 5 | പാപ്പും പേർ |
| | | 6 | ഈസ്റ്റ് കമെങ് |
| | | 7 | ലോവർ സുബൻസിരി |
| 3 | **ആസ്സാം (13)** | 1 | ധുബ്രി |
| | | 2 | ഗോൽപാറ |
| | | 3 | ബാർപേട്ട |
| | | 4 | ഹൈലക്കണ്ടി |
| | | 5 | കരിംഗഞ്ജ് |
| | | 6 | നാഗാഓൺ |
| | | 7 | മോറിഗാഓൺ |
| | | 8 | ഡാറങ് |
| | | 9 | ബൊങ്ങായ് ഗാഓൺ |
| | | 10 | കാച്ചർ |
| | | 11 | കൊക്രജാർ |
| | | 12 | നോർത്ത് കച്ചാർ ഹിൽസ് |
| | | 13 | കാംരൂപ് |
| 4 | **ബീഹാർ(7)** | 1 | കിഷൻഗഞ്ജ് |
| | | 2 | കടിഹർ |
| | | 3 | അറാറിയ |
| | | 4 | പൂർണീയ |
| | | 5 | സിതമർഹി |
| | | 6 | ദർഭംഗ |
| | | 7 | വെസ്റ്റ് ചമ്പാരൻ |
| 5 | **ഡൽഹി(2)** | 1 | സെൻട്രൽ ഡൽഹി |
| | | 2 | നോർത്ത് ഈസ്റ്റ് ഡൽഹി |
| 6 | **ഗോവ(1)** | 1 | സൗത്ത് ഗോവ |
| 7 | **ഹരിയാന (2)** | 1 | ഗുർഗാണ് |
| | | 2 | സിർസ |
| 8 | **ഹിമാചൽ പ്രദേശ് (2)** | 1 | കിന്നൗർ |

| | | | |
|---|---|---|---|
| | | 2 | ലാഹാൾ & സ്പിറ്റി |
| 9 | **ജമ്മു & കാശ്മീർ (1)** | 1 | ലഡാഖ്(ലേഹ്) |
| 10 | **ജാർഖണ്ഡ് (4)** | 1 | പാക്ർ |
| | | 2 | സാഹിബ്ഗൻജ് |
| | | 3 | ഗുംല |
| | | 4 | റാഞ്ചി |
| 11 | **കർണാടക (3)** | 1 | ബിദർ |
| | | 2 | ഗുൽബർഗ |
| | | 3 | ദക്ഷിണ കാനറാ |
| 12 | **കേരളം (14)** | 1 | മലപ്പുറം |
| | | 2 | എറണാകുളം |
| | | 3 | കോട്ടയം |
| | | 4 | ഇടുക്കി |
| | | 5 | വയനാട് |
| | | 6 | പത്തനംതിട്ട |
| | | 7 | കോഴിക്കോട് |
| | | 8 | കാസർഗോഡ് |
| | | 9 | തൃശൂർ |
| | | 10 | കണ്ണൂർ |
| | | 11 | കൊല്ലം |
| | | 12 | തിരുവനന്തപുരം |
| | | 13 | പാലക്കാട് |
| | | 14 | ആലപ്പുഴ |
| 13 | **മധ്യപ്രദേശ് (1)** | 1 | ഭോപ്പാൽ |
| 14 | **മഹാരാഷ്ട്ര (9)** | 1 | അകോല |
| | | 2 | മുംബൈ |
| | | 3 | ഔറംഗബാദ് |
| | | 4 | മുംബൈ സുബർബൻ |
| | | 5 | അമരാവതി |
| | | 6 | ബുൽധന |
| | | 7 | പ്രഭാനി |
| | | 8 | വാഷിം |
| | | 9 | ഹിങ്കോലി |
| 15 | **മണിപ്പൂർ (6)** | 1 | ടീമെങ്ലോങ് |
| | | 2 | ഉഖ്റുൽ |
| | | 3 | ചുരാചന്ദ്പുർ |
| | | 4 | ചന്ദേൽ |
| | | 5 | സേനാപതി |
| | | 6 | തൗബൽ |
| 16 | **മേഘാലയ (1)** | 1 | വെസ്റ്റ് ഗാരോ ഹിൽസ് |
| 17 | **മിസോറം (2)** | 1 | ലൗങ്ഗറ്റ്ലി |
| | | 2 | മാമിത് |
| 18 | **ഒറീസ (1)** | 1 | ഗജപതി |
| 19 | **പുതുച്ചേരി (1)** | 1 | മാഹി |

| | | | |
|---|---|---|---|
| 20 | **രാജസ്ഥാൻ(1)** | 1 | ഗംഗ നഗർ |
| 21 | **സിക്കിം(4)** | 1 | ഈസ്റ്റ് സിക്കിം |
| | | 2 | നോർത്ത് സിക്കിം |
| | | 3 | സൗത്ത് സിക്കിം |
| | | 4 | വെസ്റ്റ് സിക്കിം |
| 22 | **തമിഴ് നാട് (1)** | 1 | കന്യാകുമാരി |
| 23 | **തെലുങ്കാന (1)** | 1 | ഹൈദരാബാദ് |
| 24 | **ഉത്തർ പ്രദേശ് (21)** | 1 | രാംപൂർ |
| | | 2 | മൊറാദാബാദ് |
| | | 3 | ബിജ്നോർ |
| | | 4 | സഹാറന്പൂർ |
| | | 5 | ജ്യോതിബ പഹുലെ നഗർ |
| | | 6 | മുസാഫർനഗർ |
| | | 7 | ബാൽറാംപുർ |
| | | 8 | ബഹ്റൈച്ച |
| | | 9 | ബറെയ്‌ലി |
| | | 10 | മീററ്റ് |
| | | 11 | സിദ്ധാർഥ് നഗർ |
| | | 12 | പിലിഭിത് |
| | | 13 | ശ്രവസ്റ്റി |
| | | 14 | ബാഗ്പാട് |
| | | 15 | ഖാസിയാബാദ് |
| | | 16 | ബുലന്ദ്ഷഹർ |
| | | 17 | ഷാജഹാൻപുർ |
| | | 18 | ബദൗൻ |
| | | 19 | ബാരാബങ്കി |
| | | 20 | ഖേരി |
| | | 21 | ലക്നൗ |
| 25 | **ഉത്തരാഞ്ചൽ (2)** | 1 | ഹരിദ്വാർ |
| | | 2 | ഉദ്ധം സിംഗ് നഗർ |
| 26 | **പശ്ചിമ ബംഗാൾ (12)** | 1 | മുർഷിദാബാദ് |
| | | 2 | മാൽഡ |
| | | 3 | ഉത്തർ ദിനാജ്പുർ |
| | | 4 | ബിർഭും |
| | | 5 | സൗത്ത് 24 പാഗ്നസ് |
| | | 6 | നാദിയ |
| | | 7 | ദക്ഷിണ ദിനാജ്പുർ |
| | | 8 | ഹൗറ |
| | | 9 | കുച് ബീഹാർ |
| | | 10 | കൊൽക്കത്ത |
| | | 11 | ബർദ്വാമാൻ |
| | | 12 | നോർത്ത് 24 പർഗനാസ് |

**അനുബന്ധം II**

## പ്രത്യേക ന്യൂനപക്ഷ സമുദായങ്ങൾക്ക്  നൽകിയ മുൻഗണനാ വായ്പകളും ആകെ നൽകിയ മുൻഗണനാ വായ്പകളും -- അർദ്ധ വാർഷികം അവസാനിക്കുന്ന ................. തീയതിയിലെ സ്റ്റേറ്റ്മെന്റ്

(ഖണ്ഡിക 5 .1 പ്രകാരം)

(അക്കൗണ്ടുകളുടെ എണ്ണം യഥാർത്ഥത്തിൽ)

(രൂപ ലക്ഷത്തിൽ)

**ബാങ്കിന്റെ പേര് ______________________ ബാങ്ക് കോഡ് _______**

**പാർട്ട് 'A' – ന്യൂനപക്ഷ ജില്ലകളായി പ്രഖ്യാപിക്കപ്പെട്ട 121 ജില്ലകൾ**

| ക്രമ നം | സംസ്ഥാനം / ജില്ല | ക്രിസ്ത്യൻസ് | | മുസ്ലിംസ് | | ബുദ്ധിസ്റ്റ്സ് | | സിഖ്സ് | | സോറാസ്ട്രിയൻ | | ജയിൻസ് | | ആകെ 'A | | മറ്റുള്ളവർ 'B' | | ആകെ വായ്പകൾ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | A/c എണ്ണം | തുക | A/c എണ്ണം | തുക | A/c എണ്ണം | തുക | A/c എണ്ണം | തുക | A/c എണ്ണം | തുക | A/c എണ്ണം | തുക | A/c എണ്ണം | തുക | A/c എണ്ണ | തുക | A/c എണ്ണ | തുക |
| | **ആൻഡമാൻ നിക്കോബാർ** | | | | | | | | | | | | | | | | | | |
| 1 | ആൻഡമാൻ | | | | | | | | | | | | | | | | | | |
| 2 | നിക്കോബാർ | | | | | | | | | | | | | | | | | | |
| | **അരുണാചൽ പ്രദേശ്** | | | | | | | | | | | | | | | | | | |
| 3 | തവാങ് | | | | | | | | | | | | | | | | | | |
| 4 | ചങ്ങലങ് | | | | | | | | | | | | | | | | | | |
| 5 | റ്റിറാപ് | | | | | | | | | | | | | | | | | | |
| 6 | വെസ്റ്റ് കമെങ് | | | | | | | | | | | | | | | | | | |
| 7 | പാപ്പും പേർ | | | | | | | | | | | | | | | | | | |
| 8 | ഈസ്റ്റ് കമെങ് | | | | | | | | | | | | | | | | | | |
| 9 | ലോവർ സുബൻ സിരി | | | | | | | | | | | | | | | | | | |
| | **ആസ്സാം** | | | | | | | | | | | | | | | | | | |

| | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 10 | ധുബ്രി | | | | | | | | | | | | | | | | | | |
| 11 | ഗോൽപാറ | | | | | | | | | | | | | | | | | | |
| 12 | ബാർപേട്ട | | | | | | | | | | | | | | | | | | |
| 13 | ഹൈലക്കണ്ടി | | | | | | | | | | | | | | | | | | |
| 14 | കരിംഗഞ്ജ് | | | | | | | | | | | | | | | | | | |
| 15 | നാഗാഓൺ | | | | | | | | | | | | | | | | | | |
| 16 | മോറിഗാഓൺ | | | | | | | | | | | | | | | | | | |
| 17 | ഡാറങ് | | | | | | | | | | | | | | | | | | |
| 18 | ബൊങ്ങായ് ഗാഓൺ | | | | | | | | | | | | | | | | | | |
| 19 | കാച്ചർ | | | | | | | | | | | | | | | | | | |
| 20 | കൊക്രജാർ | | | | | | | | | | | | | | | | | | |
| 21 | നോർത്ത് കച്ചാർ ഹിൽസ് | | | | | | | | | | | | | | | | | | |
| 22 | കാംരൂപ് | | | | | | | | | | | | | | | | | | |
| | **ബീഹാർ** | | | | | | | | | | | | | | | | | | |
| 23 | കിഷൻഗഞ്ജ് | | | | | | | | | | | | | | | | | | |
| 24 | കടിഹർ | | | | | | | | | | | | | | | | | | |
| 25 | അറാറിയ | | | | | | | | | | | | | | | | | | |
| 26 | പൂർണീയ | | | | | | | | | | | | | | | | | | |
| 27 | സിതമർഹി | | | | | | | | | | | | | | | | | | |
| 28 | ദർഭംഗ | | | | | | | | | | | | | | | | | | |
| 29 | വെസ്റ്റ് ചമ്പാരൻ | | | | | | | | | | | | | | | | | | |
| | **ഡൽഹി** | | | | | | | | | | | | | | | | | | |
| 30 | സെൻട്രൽ ഡൽഹി | | | | | | | | | | | | | | | | | | |
| 31 | നോർത്ത് ഈസ്റ്റ് ഡൽഹി | | | | | | | | | | | | | | | | | | |
| | **ഗോവ** | | | | | | | | | | | | | | | | | | |
| 32 | സൗത്ത് ഗോവ | | | | | | | | | | | | | | | | | | |
| | **ഹരിയാന** | | | | | | | | | | | | | | | | | | |
| 33 | ഗുർഗാണ് | | | | | | | | | | | | | | | | | | |
| 34 | സിർസ | | | | | | | | | | | | | | | | | | |

| | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | **ഹിമാചൽ പ്രദേശ്** | | | | | | | | | | | | | | | | | | |
| 35 | കിന്നൗർ | | | | | | | | | | | | | | | | | | |
| 36 | ലാഹാൾ & സ്പിറ്റി | | | | | | | | | | | | | | | | | | |
| | **ജമ്മു & കാശ്മീർ** | | | | | | | | | | | | | | | | | | |
| 37 | **ലേ ( ലഡാക് )** | | | | | | | | | | | | | | | | | | |
| | **ജാർഖണ്ഡ്** | | | | | | | | | | | | | | | | | | |
| 38 | പാക്ർ | | | | | | | | | | | | | | | | | | |
| 39 | സാഹിബ്ഗൻജ് | | | | | | | | | | | | | | | | | | |
| 40 | ഗുംല | | | | | | | | | | | | | | | | | | |
| 41 | റാഞ്ചി | | | | | | | | | | | | | | | | | | |
| | **കർണാടക** | | | | | | | | | | | | | | | | | | |
| 42 | ബിദർ | | | | | | | | | | | | | | | | | | |
| 43 | ഗുൽബർഗ | | | | | | | | | | | | | | | | | | |
| 44 | ദക്ഷിണ കാനറാ | | | | | | | | | | | | | | | | | | |
| | **കേരളം** | | | | | | | | | | | | | | | | | | |
| 45 | മലപ്പുറം | | | | | | | | | | | | | | | | | | |
| 46 | എറണാകുളം | | | | | | | | | | | | | | | | | | |
| 47 | കോട്ടയം | | | | | | | | | | | | | | | | | | |
| 48 | ഇടുക്കി | | | | | | | | | | | | | | | | | | |
| 49 | വയനാട് | | | | | | | | | | | | | | | | | | |
| 50 | പത്തനംതിട്ട | | | | | | | | | | | | | | | | | | |
| 51 | കോഴിക്കോട് | | | | | | | | | | | | | | | | | | |
| 52 | കാസർഗോഡ് | | | | | | | | | | | | | | | | | | |
| 53 | തൃശൂർ | | | | | | | | | | | | | | | | | | |
| 54 | കണ്ണൂർ | | | | | | | | | | | | | | | | | | |
| 55 | കൊല്ലം | | | | | | | | | | | | | | | | | | |
| 56 | തിരുവനന്തപുരം | | | | | | | | | | | | | | | | | | |
| 57 | പാലക്കാട് | | | | | | | | | | | | | | | | | | |
| 58 | ആലപ്പുഴ | | | | | | | | | | | | | | | | | | |
| | **മധ്യപ്രദേശ്** | | | | | | | | | | | | | | | | | | |

| | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 59 | ഭോപ്പാൽ | | | | | | | | | | | | | | | | | | |
| | **മഹാരാഷ്ട്ര** | | | | | | | | | | | | | | | | | | |
| 60 | അകോല | | | | | | | | | | | | | | | | | | |
| 61 | മുംബൈ | | | | | | | | | | | | | | | | | | |
| 62 | ഔറംഗബാദ് | | | | | | | | | | | | | | | | | | |
| 63 | മുംബൈ സുബർബൻ | | | | | | | | | | | | | | | | | | |
| 64 | അമരാവതി | | | | | | | | | | | | | | | | | | |
| 65 | ബുൽധന | | | | | | | | | | | | | | | | | | |
| 66 | പ്രഭാനി | | | | | | | | | | | | | | | | | | |
| 67 | വാഷിം | | | | | | | | | | | | | | | | | | |
| 68 | ഹിങ്കോലി | | | | | | | | | | | | | | | | | | |
| | **മണിപ്പൂർ** | | | | | | | | | | | | | | | | | | |
| 69 | ടീമെങ്ലോങ് | | | | | | | | | | | | | | | | | | |
| 70 | ഉഖ്റുൽ | | | | | | | | | | | | | | | | | | |
| 71 | ചുരാചന്ദ്പുർ | | | | | | | | | | | | | | | | | | |
| 72 | ചന്ദേൽ | | | | | | | | | | | | | | | | | | |
| 73 | സേനാപതി | | | | | | | | | | | | | | | | | | |
| 74 | തൗബൽ | | | | | | | | | | | | | | | | | | |
| | **മേഘാലയ** | | | | | | | | | | | | | | | | | | |
| 75 | വെസ്റ്റ് ഗാരോ ഹിൽസ് | | | | | | | | | | | | | | | | | | |
| | **മിസോറം** | | | | | | | | | | | | | | | | | | |
| 76 | ലൗങ്ഗറ്റ്ലി | | | | | | | | | | | | | | | | | | |
| 77 | മാമിത് | | | | | | | | | | | | | | | | | | |
| | **ഒറീസ** | | | | | | | | | | | | | | | | | | |
| 78 | ഗജപതി | | | | | | | | | | | | | | | | | | |
| | **പുതുച്ചേരി** | | | | | | | | | | | | | | | | | | |
| 79 | മാഹി | | | | | | | | | | | | | | | | | | |
| | **രാജസ്ഥാൻ** | | | | | | | | | | | | | | | | | | |
| 80 | ഗംഗ നഗർ | | | | | | | | | | | | | | | | | | |
| | **സിക്കിം** | | | | | | | | | | | | | | | | | | |

| | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 81 | ഈസ്റ്റ് സിക്കിം | | | | | | | | | | | | | | | | | | |
| 82 | നോർത്ത് സിക്കിം | | | | | | | | | | | | | | | | | | |
| 83 | സൗത്ത് സിക്കിം | | | | | | | | | | | | | | | | | | |
| 84 | വെസ്റ്റ് സിക്കിം | | | | | | | | | | | | | | | | | | |
| | **തമിഴ് നാട്** | | | | | | | | | | | | | | | | | | |
| 85 | **കന്യാകുമാരി** | | | | | | | | | | | | | | | | | | |
| | **തെലുങ്കാന** | | | | | | | | | | | | | | | | | | |
| 86 | ഹൈദരാബാദ് | | | | | | | | | | | | | | | | | | |
| | **ഉത്തർ പ്രദേശ്** | | | | | | | | | | | | | | | | | | |
| 87 | രാംപൂർ | | | | | | | | | | | | | | | | | | |
| 88 | മൊറാദാബാദ് | | | | | | | | | | | | | | | | | | |
| 89 | ബിജ്നോർ | | | | | | | | | | | | | | | | | | |
| 90 | സഹാറന്പൂർ | | | | | | | | | | | | | | | | | | |
| 91 | മുസാഫർ നഗർ | | | | | | | | | | | | | | | | | | |
| 92 | മീററ്റ് | | | | | | | | | | | | | | | | | | |
| 93 | ബഹ്രൈച്ച | | | | | | | | | | | | | | | | | | |
| 94 | ബാൽറാംപുർ | | | | | | | | | | | | | | | | | | |
| 95 | ഖാസിയാബാദ് | | | | | | | | | | | | | | | | | | |
| 96 | പിലിഭിത് | | | | | | | | | | | | | | | | | | |
| 97 | ബറെയ്ലി | | | | | | | | | | | | | | | | | | |
| 98 | സിദ്ധാർഥ് നഗർ | | | | | | | | | | | | | | | | | | |
| 99 | ശ്രവസ്റ്റി | | | | | | | | | | | | | | | | | | |
| 100 | ജ്യോതിബ പഹുലെ നഗർ | | | | | | | | | | | | | | | | | | |
| 101 | ബാഗ്ലാട് | | | | | | | | | | | | | | | | | | |
| 102 | ബുലന്ദ്ഷഹർ | | | | | | | | | | | | | | | | | | |
| 103 | ഷാജഹാൻ | | | | | | | | | | | | | | | | | | |

| | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | പുർ | | | | | | | | | | | | | | | | | | |
| 104 | ബദൗൻ | | | | | | | | | | | | | | | | | | |
| 105 | ബാരാബങ്കി | | | | | | | | | | | | | | | | | | |
| 106 | ഖേരി | | | | | | | | | | | | | | | | | | |
| 107 | ലക്നൗ | | | | | | | | | | | | | | | | | | |
| | **ഉത്തരാഞ്ചൽ** | | | | | | | | | | | | | | | | | | |
| 108 | ഹരിദ്വാർ | | | | | | | | | | | | | | | | | | |
| 109 | ഉദ്ധം സിംഗ് നഗർ | | | | | | | | | | | | | | | | | | |
| | **പശ്ചിമ ബംഗാൾ** | | | | | | | | | | | | | | | | | | |
| 110 | മുർഷിദാബാദ് | | | | | | | | | | | | | | | | | | |
| 111 | മാൽഡ | | | | | | | | | | | | | | | | | | |
| 112 | ഉത്തർ ദിനാജ്പുർ | | | | | | | | | | | | | | | | | | |
| 113 | ബിർഭും | | | | | | | | | | | | | | | | | | |
| 114 | സൗത്ത് 24 പാഗ്നസ് | | | | | | | | | | | | | | | | | | |
| 115 | നാദിയ | | | | | | | | | | | | | | | | | | |
| 116 | ദക്ഷിണ ദിനാജ്പുർ | | | | | | | | | | | | | | | | | | |
| 117 | ഹൗറ | | | | | | | | | | | | | | | | | | |
| 118 | കുച്ച് ബീഹാർ | | | | | | | | | | | | | | | | | | |
| 119 | കൊൽക്കത്ത | | | | | | | | | | | | | | | | | | |
| 120 | ബർദ്വാമാൻ | | | | | | | | | | | | | | | | | | |
| 121 | നോർത്ത് 24 പർഗനാസ് | | | | | | | | | | | | | | | | | | |

**ബാങ്കിന്റെ പേര് ________________________ ബാങ്ക് കോഡ് ________**

## പാർട്ട് 'B' – രാജ്യത്തിലെ എല്ലാ ജില്ലകളും

| ക്രമനം | സംസ്ഥാനം/ ജില്ല | ക്രിസ്ത്യൻ | | മുസ്ലിം | | ബുദ്ധിസ്റ്റ് | | സിഖ് | | സോറാസ്ട്രിയൻ | | ജയിൻ | | ആകെ 'A | | മറ്റുള്ളവർ 'B' | | ആകെ വായ്പകൾ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | A/c എണ്ണം | തുക | A/c എണ്ണം | തുക | A/c എണ്ണം | തുക | A/c എണ്ണം | തുക | A/c എണ്ണം | തുക | A/c എണ്ണം | തുക | A/c എണ്ണം | തുക | A/c എണ്ണം | തുക | A/c എണ്ണം | തുക |
| 1 | ആൻഡമാൻ നിക്കോബാർ | | | | | | | | | | | | | | | | | | |
| 2 | ആന്ധ്ര പ്രദേശ് | | | | | | | | | | | | | | | | | | |
| 3 | അരുണാചൽ പ്രദേശ് | | | | | | | | | | | | | | | | | | |
| 4 | ആസ്സാം | | | | | | | | | | | | | | | | | | |
| 5 | ബീഹാർ | | | | | | | | | | | | | | | | | | |
| 6 | ചണ്ഡീഗഡ് | | | | | | | | | | | | | | | | | | |
| 7 | ഛത്തിസ്ഗർഹ് | | | | | | | | | | | | | | | | | | |
| 8 | ദാദ്ര & നഗർ ഹവേലി | | | | | | | | | | | | | | | | | | |
| 9 | ദാമൻ & ഡ്യൂ | | | | | | | | | | | | | | | | | | |
| 10 | ഡൽഹി | | | | | | | | | | | | | | | | | | |
| 11 | ഗോവ | | | | | | | | | | | | | | | | | | |
| 12 | ഗുജറാത്ത് | | | | | | | | | | | | | | | | | | |
| 13 | ഹരിയാന | | | | | | | | | | | | | | | | | | |
| 14 | ഹിമാചൽ പ്രദേശ് | | | | | | | | | | | | | | | | | | |
| 15 | ജമ്മു & കാശ്മീർ | | | | | | | | | | | | | | | | | | |
| 16 | ജാർഖണ്ഡ് | | | | | | | | | | | | | | | | | | |
| 17 | കർണാടക | | | | | | | | | | | | | | | | | | |
| 18 | കേരളം | | | | | | | | | | | | | | | | | | |
| 19 | ലക്ഷദ്വീപ് | | | | | | | | | | | | | | | | | | |
| 20 | മധ്യപ്രദേശ് | | | | | | | | | | | | | | | | | | |
| 21 | മഹാരാഷ്ട്ര | | | | | | | | | | | | | | | | | | |

| | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 22 | മണിപ്പൂർ | | | | | | | | | | | | | | | | | | |
| 23 | മേഘാലയ | | | | | | | | | | | | | | | | | | |
| 24 | മിസോറം | | | | | | | | | | | | | | | | | | |
| 25 | നാഗാലാൻഡ് | | | | | | | | | | | | | | | | | | |
| 26 | ഒറീസ | | | | | | | | | | | | | | | | | | |
| 27 | പുതുച്ചേരി | | | | | | | | | | | | | | | | | | |
| 28 | പഞ്ചാബ് | | | | | | | | | | | | | | | | | | |
| 29 | രാജസ്ഥാൻ | | | | | | | | | | | | | | | | | | |
| 30 | സിക്കിം | | | | | | | | | | | | | | | | | | |
| 31 | തമിഴ് നാട് | | | | | | | | | | | | | | | | | | |
| 32 | തെലുങ്കാന | | | | | | | | | | | | | | | | | | |
| 33 | തൃപുര | | | | | | | | | | | | | | | | | | |
| 34 | ഉത്തർ പ്രദേശ് | | | | | | | | | | | | | | | | | | |
| 35 | ഉത്തരാഖണ്ഡ് | | | | | | | | | | | | | | | | | | |
| 36 | പശ്ചിമ ബംഗാൾ | | | | | | | | | | | | | | | | | | |
| | ആകെ | | | | | | | | | | | | | | | | | | |

**അനുബന്ധം III**

**പ്രത്യേക ന്യൂനപക്ഷ സമുദായത്തിലെ അംഗങ്ങൾക്ക് നൽകിയ മുൻഗണനാ വായ്പകളും ആകെ നൽകിയ മുൻഗണനാ വായ്പകളും -- ത്രൈമാസികം അവസാനിക്കുന്ന .................. തീയതിയിലെ സ്റ്റേറ്റ് മെൻറ്**

(ഖണ്ഡിക 5 .3 പ്രകാരം)

**ജില്ല പേര് ________________________**

| | **അക്കൗണ്ടുകളുടെ എണ്ണം** | | **ബാക്കിനിൽപ്പ് തുക** | |
|---|---|---|---|---|
| | **കഴിഞ്ഞ ത്രൈമാസികം** | **ഈ ത്രൈമാസികം** | **കഴിഞ്ഞ ത്രൈമാസികം** | **ഈ ത്രൈമാസികം** |
| **A. ന്യൂനപക്ഷ സമുദായം** | | | | |
| 1 ക്രിസ്ത്യൻ | | | | |
| 2 മുസ്ലിം | | | | |
| 3 ബുദ്ധിസ്റ്റ് | | | | |
| 4 സിഖ് | | | | |
| 5 സോറസ്ട്രിയൻ | | | | |
| 6 ജെയിൻ | | | | |
| ആകെ | | | | |
| B. മറ്റുള്ളവർ | | | | |
| C. ആകെ മുൻഗണനാ വായ്പ | | | | |
| **ന്യൂനപക്ഷ ജില്ലക ളിൽ നൽകിയ വായ്(A+B)** | | | | |
| **C യിൽ A യ്ക്കുള്ള പങ്ക് ശതമാനത്തിൽ** | | | | |

കുറിപ്പ്:

1. അക്കൗണ്ടുകളുടെ എണ്ണം യഥാർത്ഥത്തിൽ
2. ബാക്കിനിൽപ്പ് തുക രൂപ ലക്ഷത്തിൽ

**അനുബന്ധം IV**

## ന്യൂനപക്ഷ സമുദായങ്ങൾക്ക് നൽകിയ വായ്പ

മാസ്റ്റർ സർക്കുലറിൽ ഉൾക്കൊള്ളിച്ചിട്ടുള്ള സർക്കുലറിന്റെ പട്ടിക

| ക്രമ നം | സർക്കുലർ നം | തീയതി | വിഷയം |
|---|---|---|---|
| 1 | RPCD No SP.BC.4/PS.160-86-87 | 24.07.86 | ന്യൂനപക്ഷ സമുദായങ്ങൾക്കുള്ള വായ്പാ സൗകര്യങ്ങൾ |
| 2 | RPCD No.SP.BC.97/PS.160-86-87 | 29-07-86 | ന്യൂനപക്ഷ സമുദായങ്ങൾക്കുള്ള വായ്പാ സൗകര്യങ്ങൾ |
| 3 | RPCD No.SP.1378/PS.160-86-87 | 09.01.87 | ന്യൂനപക്ഷ സമുദായങ്ങൾക്കുള്ള വായ്പാ സൗകര്യങ്ങൾ |
| 4 | RPCD No.SP.1563/PS.160-86-87 | 11.02.87 | ന്യൂനപക്ഷ സമുദായങ്ങൾക്കുള്ള വായ്പാ സൗകര്യങ്ങൾ |
| 5 | RPCD No.SP.BC.75/PS.160-86-87 | 08.04.87 | ന്യൂനപക്ഷ സമുദായങ്ങൾക്കുള്ള വായ്പാ സൗകര്യങ്ങൾ |
| 6 | RPCD No.SP.BC.14/PS.160-87-88 | 31.07.87 | ന്യൂനപക്ഷ സമുദായങ്ങൾക്കുള്ള വായ്പാ സൗകര്യങ്ങൾ |
| 7 | RPCD No.SP.374/PS.160-87-88 | 31.07.87 | ന്യൂനപക്ഷ സമുദായങ്ങൾക്കുള്ള വായ്പാ സൗകര്യങ്ങൾ |
| 8 | RPCD No.SP.BC.45/PS.160/87-88 | 16.10.87 | ന്യൂനപക്ഷ സമുദായങ്ങൾക്കുള്ള വായ്പാ സൗകര്യങ്ങൾ |
| 9 | RPCD No. SP. BC.55/PS.160-87-88 | 02.11.87 | ന്യൂനപക്ഷ സമുദായങ്ങൾക്കുള്ള വായ്പാ സൗകര്യങ്ങൾ |
| 10 | RPCD No.SP.BC.56/PS.160-87-88 | 02.11.87 | ന്യൂനപക്ഷ സമുദായങ്ങൾക്കുള്ള വായ്പാ സൗകര്യങ്ങൾ |
| 11 | RPCD No.SP.649/PS.160-88-89 | 27.09.88 | ന്യൂനപക്ഷ സമുദായങ്ങളുടെ ക്ഷേമത്തെക്കുറിച്ച് പ്രധാനമന്ത്രിയുടെ 15 ഇന നിർദ്ദേശം |
| 12 | RPCD No.SP.BC.46/PS.160-88-89 | 17.11.88 | ന്യൂനപക്ഷ സമുദായങ്ങൾക്കുള്ള വായ്പാ സൗകര്യങ്ങൾ |
| 13 | RPCD No.Stat.BC.66/Stat20(CB)/88-89 | 21.01.89 | ന്യൂനപക്ഷ സമുദായങ്ങൾക്കുള്ള വായ്പാ സൗകര്യങ്ങൾ |
| 14 | RPCD No.LBS.BC.121/LBC.34-88/89 | 07.06.89 | ന്യൂനപക്ഷ കമ്മീഷനുകൾ/ ബോർഡുകൾ അല്ലെങ്കിൽ സംസ്ഥാന ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷനുകൾ എന്നിവരുടെ പ്രതിനിധികളെ DLRC/ SLRM ൽ ഉൾപ്പെടുത്തുന്നു |
| 15 | RPCD No.SP.BC.37/C.453(U)89-90 | 03.10.89 | DRI പദ്ധതി- വായ്പകൾ സംസ്ഥാന ന്യൂനപക്ഷ ധനകാര്യ/ വികസന കോർപറേഷൻ വഴി നൽകൽ |
| 16 | RPCD No.SP.BC.124/PS.160-89- 90 | 26.06.90 | ന്യൂനപക്ഷ സമുദായങ്ങൾക്കുള്ള വായ്പാ സൗകര്യങ്ങൾ |
| 17 | RPCD No.SP.BC.80/PS.160-92-93 | 10.03.93 | ന്യൂനപക്ഷ സമുദായങ്ങൾക്കുള്ള വായ്പാ സൗകര്യങ്ങൾ- ത്രൈമാസിക പ്രസ്താവന |
| 18 | RPCD No. SP.1934/PS.160-92-93 | 22.06.93 | ന്യൂനപക്ഷ സമുദായങ്ങൾക്കുള്ള വായ്പാ സൗകര്യങ്ങൾ- |
| 19 | RPCD No.SP.BC.17/PS.160-93-94 | 10.08.93 | ന്യൂനപക്ഷ സമുദായങ്ങൾക്കുള്ള വായ്പാ |

| | | | |
|---|---|---|---|
| | | | സൗകര്യങ്ങൾ- ജീവനക്കാർക്കുള്ള പരിശീലനം |
| 20 | RPCD No.SP.BC.32/PS.160-93-94 | 06.09.93 | ന്യൂനപക്ഷ സമുദായങ്ങൾക്കുള്ള വായ്പാ സൗകര്യങ്ങൾ- പരിഷ്ക്കരിച്ച ഫോർമാറ്റ് |
| 21 | RPCD No.SP.BC.50/PS160-93-94 | 13.10.93 | ന്യൂനപക്ഷ സമുദായങ്ങൾക്കുള്ള വായ്പാ സൗകര്യങ്ങൾ- പരിഷ്ക്കരിച്ച ഫോർമാറ്റ് |
| 22 | RPCD No.SP.BC.83/PS.160/93-94 | 07.01.94 | ന്യൂനപക്ഷ സമുദായങ്ങൾക്കുള്ള വായ്പാ സൗകര്യങ്ങൾ- ത്രൈമാസിക പ്രസ്താവന |
| 23 | RPCD No.SP.BC.166/PS.160-93-94 | 15.06.94 | ന്യൂനപക്ഷ സമുദായങ്ങൾക്കുള്ള വായ്പാ സൗകര്യങ്ങൾ- ന്യൂനപക്ഷ ജില്ലകളായി പ്രഖ്യാപിക്കപ്പെട്ട 41 ജില്ലകൾ |
| 24 | LBS.BC.29/02.03.01-94-95. | 31.08.94 | ന്യൂനപക്ഷ കമ്മീഷനുകൾ/ ബോർഡുകൾ അല്ലെങ്കിൽ സംസ്ഥാന ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷനുകൾ എന്നിവരുടെ പ്രതിനിധികളെ SLBC യിൽ ഉൾപ്പെടുത്തുന്നു |
| 25 | RPCD No.SP.BC.79/09.10.01-94-95 | 09.12.94 | ന്യൂനപക്ഷ സമുദായം പുതു ബുദ്ധിസ്റ്റ് എന്നതിന് പകരം ബുദ്ധിസ്റ്റിനെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. |
| 26 | RPCD No.SP.BC.33/09.10.01-96-97 | 07.09.96 | ന്യൂനപക്ഷ സമുദായങ്ങൾക്കുള്ള വായ്പാ സൗകര്യങ്ങൾ- ത്രൈമാസിക പ്രസ്താവന |
| 27 | RPCD No.SP.BC.43/09.10.01-96-97 | 10.10.96 | ന്യൂനപക്ഷ സമുദായങ്ങൾക്കുള്ള വായ്പാ സൗകര്യങ്ങൾ-നിർദ്ദേശങ്ങളുടെ സംഗ്രഹം |
| 28 | RPCD No.SP.BC.108/09.12.01-96-97 | 28.02.97 | ദേശീയ ന്യൂനപക്ഷ വികസന/ ധനകാര്യ കോർപറേഷൻ (NMDFC) |
| 29 | RPCD No.SPBC.13/09.10.01/01-02 | 13.08.01 | ന്യൂനപക്ഷ സമുദായങ്ങൾക്കുള്ള വായ്പാ സൗകര്യങ്ങൾ- വിലയിരുത്തൽ |
| 30 | RPCD No.SP.1074/09.10.01-2001-02 | 21.01.02 | ന്യൂനപക്ഷ സമുദായങ്ങൾക്കുള്ള വായ്പാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നു |
| 31 | RPCD No.SP.BC.62/09.10.01/2001-02 | 04.02.02 | ന്യൂനപക്ഷ സമുദായങ്ങൾക്കുള്ള വായ്പാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നു |
| 32 | RPCD.SP.BC.No.22/09.10.01/2006-07 | 1.9.2006 | ന്യൂനപക്ഷ സമുദായങ്ങളുടെ ക്ഷേമത്തെക്കുറിച്ച് പ്രധാനമന്ത്രിയുടെ 15 ഇന കർമ്മപരിപാടി |
| 33 | RPCD.SP.BC.No.83/09.10.01/2006-07 | 27.4.2007 | ന്യൂനപക്ഷ സമുദായങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്ന 103 ജില്ലകളുടെ പട്ടിക |
| 34 | RPCD.SP.BC.No.13/09.10.01/2007-08 | 16.07.07 | ന്യൂനപക്ഷ സമുദായങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്ന 103 ജില്ലകളുടെ മുൻപ് പുറപ്പെടുവിച്ച പട്ടികയിൽ പെടാത്ത 18 ജില്ലകളുടെ പട്ടിക |
| 35 | RPCD.GSSD.BC.No.44/9.10.001/2014-15 | 01.12.14 | ന്യൂനപക്ഷ സമുദായങ്ങളുടെ പട്ടികയിൽ ജയ്ന മത വിഭാഗത്തെ ഉൾപ്പെടുത്തിയിരിക്കുന്നു. |